**പതിനഞ്ചാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ : *24**

**05.12.2022 ൽ**
**മറുപടിക്ക്**

**പോലീസ് സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനക്ഷമത.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. പി. എ. മജീദ്<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. യു. എ. ലത്തീഫ്<br>ശ്രീ. അബ്ദുൽ ഹമീദ് പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് റോഡുകളിൽ പോലീസ് സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | എ) സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുവാൻ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പല കേസുകളിലും പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിനുള്ള പ്രധാന കാരണം സി.സി.ടി.വി. ക്യാമറകൾ പ്രവർത്തിക്കാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | ബി) ക്യാമറകൾ പ്രവർത്തിക്കാത്തതു മൂലം കേസിലെ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതായ സാഹചര്യം നിലവിലില്ല. പോലീസുമായി സഹകരിച്ച് വിവിധ ഏജൻസികൾ സ്ഥാപിച്ചിട്ടുള്ള ചില ക്യാമറകളുടെ പരിശോധനയിൽ അവയിൽ ചിലത് മുഖേന, ഓടിക്കൊണ്ടിരിക്കുന്ന |

| | | | |
|---|---|---|---|
| | | | വാഹനങ്ങളുടെ നമ്പർ കണ്ടെത്താൻ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ഇത്തരം എത്ര സി.സി.ടി.വി. ക്യാമറകളാണ് പ്രവർത്തനക്ഷമമല്ലാതിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ? | സി) | സംസ്ഥാനത്ത് ആകെ 2064 CCTV ക്യാമറകൾ ഉള്ളതിൽ 402 എണ്ണം പ്രവർത്തന ക്ഷമമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അതാത് ജില്ലാ പോലീസ് മേധാവിമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ